# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## താനാളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA MPM M22/289/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 16/04/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
താനാളൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA MPM M22/289/2022 തീയ്യതി: 16/04/2022

## മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-03-2020 മുതൽ 09-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-01-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയരക്ടർ | 10-01-2022 | 25-01-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-01-2022 | 25-01-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ സുരേഷ് പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ശ്രീ റിഷിൽ പി, ഓഡിറ്റ് ഓഫീസർ,

ശ്രീ സന്തോഷ് പി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീ അബ്ദുൾ അലി കുന്നൻ, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മുജീബ് എൻ | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 13-11-2020 | 29-12-2020 |
| ശ്രീമതി മല്ലിക കെ.എം | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ പി രാംജിലാൽ | സെക്രട്ടറി | 01-04-2020 | 31-03-2021 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പങ്കജം പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 01-12-2020 |
| ശ്രീമതി വിബിത സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-12-2020 | 31-03-2021 |
| ഡോ ശ്രുതി കെ.ടി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീമതി ഗായത്രി കെ.വി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഡോ ലുക്മാൻ | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി അജിതനാഥ് എസ്.ജി | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീ മഹേഷ് ഒ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ ബൈജു ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീമതി സീമ റോസ് | അസിസ്റ്റന്റ് സെക്രട്ടറി | 16-06-2020 | 12-02-2021 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 13-02-2021 | 14-02-2021 |
| ശ്രീ പ്രേമരാജൻ | അസിസ്റ്റന്റ് സെക്രട്ടറി | 15-02-2021 | 31-03-2021 |
| ശ്രീമതി ആര്യ വി.സി | കൃഷി ഓഫീസർ | 01-04-2020 | 09-11-2020 |
| ശ്രീ സമീർ മുഹമ്മദ് | കൃഷി | 10-11-2020 | 19-02-2021 |

| | | | |
|---|---|---|---|
| | ഓഫീസർ(അഡീഷണൽ ചാർജ്ജ്) | | |
| ശ്രീ ജേക്കബ് ജോർജ്ജ് | കൃഷി ഓഫീസർ(അഡീഷൽ ചാർജ്ജ്) | 20-02-2021 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Santhosh.P.T (Asst. Audit Officer, On 18-01-2022)<br>Last Updated By: Unni.P (Deputy Director, On 16-04-2022) | 1-1 |
| 2 | ബജറ്റ് മാനുലിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച<br>Written By: Santhosh.P.T (Asst. Audit Officer, On 19-01-2022)<br>Last Updated By: Suresh.P (Audit Officer, On 24-01-2022) | 1-1-1 |
| 3 | തനത് വരുമാനം - ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Suresh.P (Audit Officer, On 24-01-2022)<br>Last Updated By: Suresh.P (Audit Officer, On 24-01-2022) | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രിക<br>Written By: Santhosh.P.T (Asst. Audit Officer, On 18-01-2022)<br>Last Updated By: Santhosh.P.T (Asst. Audit Officer, On 26-01-2022) | 1-2 |
| 5 | സാമ്പത്തിക വിശകലനം(റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Santhosh.P.T (Asst. Audit Officer, On 18-01-2022)<br>Last Updated By: Santhosh.P.T (Asst. Audit Officer, On 19-01-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Santhosh.P.T (Asst. Audit Officer, On 18-01-2022)<br>Last Updated By: Unni.P (Deputy Director, On 16-04-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Abdul Ali Kunnan (Auditor, On 30-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 30-01-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Abdul Ali Kunnan (Auditor, On 30-01-2022)<br>Last Updated By: Unni.P (Deputy Director, On 13-04-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Abdul Ali Kunnan (Auditor, On 30-01-2022)<br>Last Updated By: Unni.P (Deputy Director, On 13-04-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Abdul Ali Kunnan (Auditor, On 30-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 30-01-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Suresh.P (Audit Officer, On 30-01-2022)<br>Last Updated By: Unni.P (Deputy Director, On 16-04-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 30-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 30-01-2022) | 1-10 |
| 13 | വാർഷികകണക്ക് പരിശോധന-അപാകതകൾ<br>Written By: Santhosh.P.T (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 16-04-2022) | 1-11 |
| 14 | കെട്ടിട നികുതി ചുമത്തിയത് - അപാകതകൾ .<br>Written By: Abdul Ali Kunnan (Auditor, On 30-01-2022)<br>Last Updated By: Unni.P (Deputy Director, On 16-04-2022) | 1-12 |
| 15 | തൊഴിൽ നികുതി അപാകതകൾ<br>Written By: Abdul Ali Kunnan (Auditor, On 30-01-2022)<br>Last Updated By: Unni.P (Deputy Director, On 16-04-2022) | 1-13 |
| 16 | അംഗൻവാടി അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കണം<br>Written By: Santhosh.P.T (Asst. Audit Officer, On 23-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 30-01-2022) | 1-14 |
| 17 | | 1-15 |

| | | |
|---|---|---|
| | അഗതിരഹിതകേരളം പദ്ധതി - ഭൂരഹിതർക്ക് ഭൂമി വാങ്ങി നല്കിയതിന് അധികം തുക ചെലവഴിച്ചു.<br>Written By: Suresh.P (Audit Officer, On 24-01-2022)<br>Last Updated By: Unni.P (Deputy Director, On 16-04-2022) | |
| 18 | അനർഹർക്ക് കട്ടിൽവിതരണം നടത്തിയത് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.<br>Written By: Suresh.P (Audit Officer, On 24-01-2022)<br>Last Updated By: Unni.P (Deputy Director, On 16-04-2022) | 1-16 |
| 19 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അനുവദനീയമായതിലും അധിക തുക നല്കിയത്<br>Written By: Suresh.P (Audit Officer, On 24-01-2022)<br>Last Updated By: Unni.P (Deputy Director, On 13-04-2022) | 1-17 |
| 20 | നിലവിലെ CFL മാറ്റി LED ലൈറ്റുകൾ സ്ഥാപിക്കൽ - നിർവഹണത്തിലെ അപാകതകൾ<br>Written By: Suresh.P (Audit Officer, On 25-01-2022)<br>Last Updated By: Unni.P (Deputy Director, On 16-04-2022) | 1-18 |
| 21 | ന്യൂട്രിമിക്സിനു നൽകിയ ജിഎസ് ടി -TDSഈടാക്കിയില്ല.<br>Written By: Santhosh.P.T (Asst. Audit Officer, On 23-01-2022)<br>Last Updated By: Unni.P (Deputy Director, On 16-04-2022) | 1-19 |
| 22 | തെറ്റായ നിരക്ക് നൽകിയത് വഴി അധിക ചെലവുണ്ടായി -നഷ്ടം 16,162 രൂപ<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Rishil.P (Audit Officer, On 26-01-2022) | 1-20 |
| 23 | ബഡ്സ് സ്കൂൾ (രണ്ടാം ഘട്ടം)<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 13-04-2022) | 1-20-1 |
| 24 | പകൽ വീട് (രണ്ടാം ഘട്ടം)<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Rishil.P (Audit Officer, On 26-01-2022) | 1-20-2 |
| 25 | വട്ടത്താണി സബ്സെന്റർ കെട്ടിട നിർമ്മാണം<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 13-04-2022) | 1-20-3 |
| 26 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല – നഷ്ടം 1,92,034 രൂപ<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 13-04-2022) | 1-21 |
| 27 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 30-01-2022) | 1-22 |
| 28 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 13-04-2022) | 1-23 |
| 29 | മരാമത്ത് പ്രവൃത്തി – പൊതു അപാകതകൾ<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 16-04-2022) | 1-24 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തെറ്റായ നിരക്ക് നൽകിയത് വഴി അധിക ചെലവുണ്ടായി -നഷ്ടം 16,162 രൂപ<br>Written By: Rishil.P (Audit Officer, On 26-01-2022)<br>Last Updated By: Unni.P (Deputy Director, On 13-04-2022) | 3-1 |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Abdul Ali Kunnan (Auditor, On 29-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 29-01-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Abdul Ali Kunnan (Auditor, On 29-01-2022)<br>Last Updated By: Unni.P (Deputy Director, On 16-04-2022) | 4-2 |
| 3 | നിക്ഷേപപ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Abdul Ali Kunnan (Auditor, On 29-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 29-01-2022) | 4-3 |
| 4 | മൊബെലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Abdul Ali Kunnan (Auditor, On 29-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 29-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Abdul Ali Kunnan (Auditor, On 29-01-2022)<br>Last Updated By: Unni.P (Deputy Director, On 13-04-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Abdul Ali Kunnan (Auditor, On 29-01-2022)<br>Last Updated By: Unni.P (Deputy Director, On 13-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Abdul Ali Kunnan (Auditor, On 29-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 29-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Abdul Ali Kunnan (Auditor, On 29-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 29-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Abdul Ali Kunnan (Auditor, On 29-01-2022)<br>Last Updated By: Abdul Ali Kunnan (Auditor, On 29-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Ali Kunnan (Auditor, On 29-01-2022)<br>Last Updated By: Unni.P (Deputy Director, On 13-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Abdul Ali Kunnan (Auditor, On 29-01-2022)<br>Last Updated By: Unni.P (Deputy Director, On 16-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

താനാളൂർ ഗ്രാമപഞ്ചായത്തിന്റെ **2020-21** വർഷത്തെ ബജറ്റ് **23.03.2020** തീയതിയിലെ നമ്പർ **1/1** തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്**.** ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളുടെയും യഥാർത്ഥ വരവ് ചെലവുകളുടെയും ഒരു താരതമ്യം താഴെ കൊടുത്തിരിക്കുന്നു**.**

| ഇനം | ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ | യഥാർത്ഥ വരവ് ചെലവ് കണക്കുകൾ |
|---|---|---|
| മുൻബാക്കി | 29201319 | 40206337 |
| വരവ് | 236206000 | 134856853 |
| ചെലവ് | 262405155 | 127639580 |
| നീക്കിയിരിപ്പ് | 3002164 | 47423610 |

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ കരട് ബജറ്റ് തയ്യാറാക്കിയതിന് വിശദമായ ചർച്ച നടന്നതായി കണ്ടില്ല**.** വരുമാനത്തിലും ചെലവിലും കാലാകാലങ്ങളിലുണ്ടായ വ്യതിയാനങ്ങൾക്കനുസരിച്ച് അതാതു സമയങ്ങളിൽ ബജറ്റ് പുതുക്കിയിട്ടില്ല**.** ബജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ട ആവശ്യമായ സാഹചര്യങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റി പുതുക്കിയ ബജറ്റ് തയ്യാറാക്കി അതാത് സമയങ്ങളിൽ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ് **(**സെക്ഷൻ **214).** ബജറ്റ് പ്രകാരം വരവ് **23.62** കോടിയും യഥാർത്ഥ വരവ് **13.48** കോടിയുമാണ്**.** ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവ് **26.24**കോടിയും യഥാർത്ഥ ചെലവ് **12.76** കോടിയുമാണ്**.** സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ തീരുമാനിക്കുന്ന രേഖയെന്ന നിലയിൽ ബജറ്റിനുള്ള പ്രാധാന്യം സ്ഥാപനം തിരിച്ചറിയേണ്ടതും തുടർ വർഷം മുതൽ അർഹിക്കുന്ന പ്രാധാന്യത്തോടെ ബജറ്റിനെ സമീപിക്കേണ്ടതുമാണ്**.**

### 1-1-1 ബജറ്റ് മാനുലിലെ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച

സ.ഉ**(**സാധാ**)**നം**.3291/2016/**തസ്വഭവ തിയ്യതി **02.12.2016** പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാനുൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്**.** ചില നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചതായി കാണുന്നു**.** വിശദാംശങ്ങൾ താഴെ ചേർക്കുന്നു**.**

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപനമേധാവികളുടെ യോഗം വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15ന് മുൻപ് | യോഗം വിളിച്ചുചേർത്തതായി കാണുന്നില്ല. |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനുവരി **15-**ന് മുൻപ് | മെഡിക്കൽ ഓഫീസർ **(**പി.എച്ച്.സി-20.01.20 ആയുർവേദം-13.01.20 ഹോമിയോ-14.01.20**),** വെറ്റിനറി സർജൻ-തിയതി രേഖപ്പെടുത്തിയില്ല, കൃഷി ഓഫീസർ -21.01.20എന്നിങ്ങനെ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്**.** |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി **22-**ന് മുൻപ് | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി **21.01.20**നും **വിദ്യാഭ്യാസ ആരോഗ്യ സ്റ്റാന്റിംങ് കമ്മിറ്റി 26.02.20** |

| | | |
|---|---|---|
| | | നം നിർദ്ദേശങ്ങൾ സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് | രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ല. |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ **02.03.20**തീയതിയിലെ അജണ്ട 1 പ്രകാരം കരട് ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിച്ചു. |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുൻപ് | **07.03.2020-ൽ** അടിയന്തിരയോഗം ചേർന്ന് ചേർന്ന് ചർച്ച ചെയ്തു. |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുൻപ് | **23.03.2020-ലെ** ഭരണസമിതിയുടെ തീരുമാനം നമ്പർ **1/1** പ്രകാരം വാർഷിക ബജറ്റ് അംഗീകരിച്ചു. |

ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-2 തനത് വരുമാനം - ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല

**2020-21 വർഷത്തിൽ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വാർഷികകണക്കുകൾ പ്രകാരമുള്ള വരുമാനവുമായുള്ള വിടവ് ഇത് വ്യക്തമാക്കുന്നു. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.**

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷികകണക്ക പ്രകാരം വരവ് |
|---|---|---|
| 110 – നികുതി വരുമാനം | 10500000 | 1576780 |
| 130-റെന്റൽ ഇൻകം | 30000 | -- |
| 140 - ഫീസ് & യൂസർചാർജ്ജസ് | 1223000 | 858211 |
| 150 - സെയിൽ &ഹയർ ചാർജ്ജസ് | 305000 | 591418 |
| 170-നിക്ഷേപവരവ് | 500000 | 579838 |
| 171-പലിശ വരവ് | 250000 | 372898 |
| 180-മറ്റിനം | 150000 | 1160 |

വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ വ്യതിയാനത്തിന് കാരണം വ്യക്തമല്ല

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 31.07.21 |

## 1-3 സാമ്പത്തിക വിശകലനം(റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 40206337 |
| വരവ് | 134856853 |
| ആകെ | 175063190 |
| ചെലവ് | 127639580 |
| നീക്കിയിരിപ്പ് | 47423610 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18426326 | 18426326 | 18226326 | 200000 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3486373 | 3486373 | 3038480 | 447893 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12882000 | 12882000 | 8799780 | 4082220 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 6109575 | 6109575 | 6109575 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 8250000 | 8250000 | 1268967 | 6981033 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (യുണൈറ്റഡ് ബേസിക്) | 0 | 13265828 | 13265828 | 12447392 | 818436 |
| ബി ഫണ്ട് | 0 | 107311500 | 107311500 | 107311500 | 0 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 296 | 135448081 | 204 | 75816329 | 16 | 92 | 68.91 |

<u>പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ</u>

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 157987 | 953341 | 111328 | 1000625 | 110703 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 16708546 | 16708546 | 16708546 | - |
| ആകെ | 157987 | 17661867 | 17819874 | 17769171 | 110703 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 3631700 | 160 |
| വിധവാപെൻഷൻ | 34200000 | 1880 |
| വാർദ്ധക്യകാലപെൻഷൻ | 58019000 | 3510 |
| വികലാംഗപെൻഷൻ | 10260400 | 591 |
| വിവാഹ ധനസഹായം | 300000 | 10 |
| 50 വയസ്സിനു മുകളിൽ അവിവാഹിതകളായ സ്ത്രീകൾക്കുള്ള ധനസഹായം | 900400 | 51 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 18104/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലും ശ്രദ്ധിച്ചിട്ടുണ്ട്.
2. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റരീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. സ്റ്റോക്ക്, സ്റ്റോർ മൂല്യം കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗവ: സർക്കുലർ നം 86/10/ഫിൻ 24.9.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയും, ഓഫീസ് ഫർണിച്ചറിനും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല.
3. വാർഷിക സ്റ്റോക്ക് പരിശോധന കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ പ്രകാരം നടത്തുന്നില്ല.
4. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5. അഡ്വാൻസ് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ, റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
6. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യമായ നടപടികൾ ഉണ്ടായതായി കാണുന്നില്ല. റിപ്പോർട്ടുകൾക്ക് പ്രഥമമറുപടി സമർപ്പിക്കുന്നുണ്ടെങ്കിലും ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കാൻ കാര്യമായ പ്രവർത്തനങ്ങൾ നടന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി ധനകാര്യസ്റ്റാന്റിങ് കമ്മിറ്റി വിലയിരുത്തേണ്ടതും ഡിമാന്റ് ചെയ്യപ്പെടുന്ന നികുതികൾ പിരിച്ചെടുക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്.
7. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവുകണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ടരേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
8. ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചുനൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ കൃത്യമായി സൂക്ഷിച്ചു കാണുന്നില്ല.
9. കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഇക്കാലയളവിൽ പദ്ധതി ഫയലുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിൽ കാലതാമസം നേരിടുകയും പരിശോധിക്കുന്നതിന് വളരെ പ്രയാസം നേരിടുകയും ചെയ്തിട്ടുണ്ട്.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22/11/2021& 23/11/2021 | 01/08/2021 മുതൽ 31/10/2021 വരെ | 23/11/2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.07.2010 മുതൽ 12.08.2010 വരെ | 2004-05 To 2009-10 | 24.09.2010 |

## 1-11 വാർഷികകണക്ക് പരിശോധന-അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1 ആസ്തി രജിസ്റ്റർ കാലികമാക്കുകയും പ്രിന്റ് എടുത്ത് സൂക്ഷിക്കുകയും ചെയ്തിട്ടില്ല.ആയതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ആസ്തി സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2 അഡ്വാൻസ് രജിസ്റ്റർ സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല

3 ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയില്ല.

4 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം കുടിശ്ശികയില്ല.എന്നാൽ ഇത് ഷെഡ്യൂൾ B-15 പ്രകാരം24,100 രൂപ പിരിച്ചെടുക്കുവാനവശേഷിക്കുന്നു

5 വസ്തു നികുതി സാക്ഷ്യപ്പെടുത്തിയ ഡി സി ബി സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

6 . പെർമിറ്റ് രജിറ്ററിൽ സംഗ്രഹം രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുമായി ബന്ധപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7 .ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5പ്രകാരം 7,548,706 രൂപ ലോൺ ഇനത്തിൽ അവശേഷിക്കുന്നുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിന് ലോൺ രജിസ്റ്റർ ലഭ്യമാക്കിയില്ല.

8. തൻവർഷം ആരംഭിച്ച് സ്റ്റോക്ക് ,സ്റ്റോർ എന്നിവയുടെ മൂല്യം കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

10. MGNREGS കണക്കുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

11. കാഷ്ബുക്ക് 15-2-21 വരെ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടുണ്ട്.16-7-20 മുതൽ സെക്രട്ടറിയും 17-9-20 മുതൽ അക്കൗണ്ടന്റും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

12. വാർഷിക ധനകാര്യ പത്രിക B-12 ഷെഡ്യൂൾ പ്രകാരം സ്ഥിരനിക്ഷേപം ഷെയർ ഇനത്തിൽ 2500 രൂപയും സ്ഥിര നിക്ഷേപം ഇനത്തിൽ 7,548,706 രൂപയും കാണുന്നു.എന്നാൽ ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ സർട്ടിഫിക്കറ്റുകളുമായി ഇത് പൊരുത്തപ്പെടുന്നില്ല. സ്ഥിര നിക്ഷേപ രജിസ്റ്ററും ഹാജരാക്കിയില്ല.

13. KGB-Own Fund,SBT Sanchaya E- Payment,LGTSB-Own Fund 379 എന്നീ അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയല്ല.

14 . ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിര നിക്ഷേപ ഇനത്തിലുള്ള തുക 7334412/-രൂപയും സ്ഥിര നിക്ഷേപ രശീതി പ്രകാരമുള്ള തുക 7256912/-രൂപയുമാണ്.
ഇതു സംബന്ധിച്ച് നമ്പർ 12/21-01-2022 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-12 കെട്ടിട നികുതി ചുമത്തിയത് - അപാകതകൾ .

താനാളൂർ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത വസ്തു നിരക്ക് പ്രകാരം 100 ച.മീറ്ററിൽ കുറവുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിരക്ക് ച.മീറ്ററിന് 40 രൂപയും, 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിരക്ക് ച.മീ. ന് 60 രൂപയും , 200 ച.മീറ്ററിന് മുകളിലുള്ള ഷോപ്പിംഗ് മാളുകൾ ,സൂപ്പർ മാർക്കറ്റ് ഇനത്തിലുള്ള കെട്ടിടങ്ങളുടെ നികുതി നിരക്ക് ച.മീറ്ററിന് 80 രൂപയും ആണ്. 2020-21 വർഷത്തിൽ

പഞ്ചായത്ത് കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയത് പരിശോധിച്ചതിൽ നിന്നും പല കെട്ടിടത്തിനും യഥാവിധി നികുതി കണക്കാക്കിയിട്ടില്ലന്നും , ചില കെട്ടിടങ്ങൾക്ക് നികുതി കൂടിയ നിരക്കിൽ ചുമത്തിയതായും കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പറുകൾ | ആകെ വിസ്തീർണ്ണം | ഈടാക്കേണ്ട നികുതി നിരക്ക് / തരം | ഈടാക്കിയത് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 16/146 K-N | 267.39 | 60/ച.മീ. വാണിജ്യം | 40/ച.മീ | |
| 2 | 3/173 K-Q | 339.77 | 60/ച.മീ. | 40/ച.മീ | |
| 3 | 3/185 A-D | 141.05 | 60/ച.മീ. വാണിജ്യം | 40/ച.മീ | |
| 4 | 3/525 A-L | 431.52 | 60/ച.മീ. വാണിജ്യം | 40/ച.മീ | |
| 5 | 15/201 A-J | 213.84 | 60/ച.മീ. വാണിജ്യം | 80/ച.മീ | |
| 6 | 16/165 D-G | 182.8 | 60/ച.മീ. വാണിജ്യം | 40/ച.മീ | 111.85ച.മീ ന് ക്രമ പ്രകാരമുള്ള നികുതി ഈടാക്കിയിട്ടുണ്ട്. |
| 7 | 15/366 A-J | 279.91 | 60/ച.മീ. വാണിജ്യം | 80/ച.മീ | |
| 8 | 17/623 B-B2 | 255.22 | 60/ച.മീ. വാണിജ്യം | 80/ച.മീ | |
| 9 | 3/336 E-I | 308.16 | 60/ച.മീ. വാണിജ്യം | 40/ച.മീ | 102.72ച.മീ ന് ക്രമ പ്രകാരമുള്ള നികുതി ഈടാക്കിയിട്ടുണ്ട്. |
| 10 | 23/118 F-M | 158.8 | 60/ച.മീ. വാണിജ്യം | 40/ച.മീ | |

നികുതി പുന:നിർണ്ണയിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നം. 22/24-1-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 തൊഴിൽ നികുതി അപാകതകൾ

താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ,സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത പ്രകാരമുള്ള അപാകതകൾ കാണുന്നു.

**എ) സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല.**

താഴെ പറയുന്ന സ്ഥാപനങ്ങളുടെ അതതിന് നേരേ ചേർത്ത കാലയളവിലെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി താനാളൂർ | 2020-21 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 2 | സിവിൽ സപ്ലൈസ് കോർപ്പറേഷൻ ,തിരൂർ | 2020-21 രണ്ടാം അർദ്ധവർഷം |
| 3 | ബി.എസ്.എൻ.എൽ | 2020-21 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 4 | പോപ്പുലർ മോട്ടോർ വേൾഡ് പ്രൈ.ലി. | 2020-21 ഒന്നാം അർദ്ധവർഷം |
| 5 | കെ.വി.ആർ ഓട്ടോ കാർസ് | 2020-21 ഒന്നാം അർദ്ധവർഷം |
| 6 | മാവേലി സ്റ്റോർ | 2020-21 രണ്ടാം അർദ്ധവർഷം |

**ബി) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് .**

1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ ചട്ടം 3 ലെ പട്ടിക പ്രകാരം കമ്പനികളുടെയും വ്യക്തികളുടെയും അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി തൊഴിൽ നികുതി എത്രയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാല് ചുവടെ ചേർത്ത ജീവനക്കാരനിൽ നിന്നും ചട്ട പ്രകാരമുള്ള തുക ഈടാക്കിയിട്ടില്ല.

| പേര് /സ്ഥാപനം | റിട്ടേൺപ്രകാരം അർദ്ധവാർഷിക വരുമാനം | ചട്ടപ്രകാരം ഈടാക്കേണ്ട തൊഴിൽ നികുതി | അടവാക്കിയ തൊഴിൽ നികുതി | കുറിപ്പ് |
|---|---|---|---|---|
| മുഹമ്മദ് അദ്നാൻ.പി. (UPSA, SMAUPS താനൂർ) | 102448(ഒന്നാം അർദ്ധ വർഷം) | 1000 | 750 | 250 കുറവ് |

**സി) സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് .**

താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താനാളൂർ സർവ്വീസ് സഹകരണ ബാങ്ക് 2020-21 വർഷങ്ങളിൽ ബാങ്കിന്റ മെയിൻ ബ്രാഞ്ചിന്റെ (വട്ടത്താണി) സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ 27-11-1998 ലെ 46915/എൽ2/97 നമ്പർ കത്ത് പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഒരു ബാങ്കിന്റെ ഒന്നിലേറെ ബ്രാഞ്ചുകൾ പ്രത്യേകം തൊഴിൽ നികുതി അടക്കേണ്ടതുണ്ട്. എന്നാൽ താനാളൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ താനാളൂർ ,അയ്യായ റോഡ് ബ്രാഞ്ചുകളുടെ 2020-21 വർഷങ്ങളിലെ ഒന്ന് ,രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

## 1-14 അംഗൻവാടി അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കണം

താനാളൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 23 വാർഡുകളിലായി 40 അംഗൻവാടികളാണ് നിലവിലുള്ളത്.ഇവയിൽ 3-6 വയസ്സിൽപ്പെട്ട 1721 കുട്ടികൾ പഠിക്കുന്നുണ്ട്.അംഗൻവാടികളിൽ പലതിലും അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | അംഗകളുടെ തരം | എണ്ണം | സെന്റർ നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | ചുറ്റുമതിൽ ഇല്ലാത്ത അംഗൻവാടികൾ | 7 | സെന്റർനമ്പർ 78,80,84,86,88,92,99 | |
| 2 | സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾ | 2 | 68,102 | |
| 3 | വൈദ്യുതി കണക്ഷൻ | 2 | 80,101 | |

| | | | | |
|---|---|---|---|---|
| | ഇല്ലാത്ത അംഗൻവാടികൾ | | | |
| 4 | കുടിവെള്ള സൗകര്യം ഇല്ലാത്ത അംഗൻവാടികൾ | 18 | 63,65,67,69,70,77,80,84,88,86,90,91,92,96,97,98,100, 101, | |
| 5 | ടോയ് ലറ്റ് സൗകര്യം ഇല്ലാത്ത അംഗൻവാടികൾ | 0 | | 73ാംനമ്പർ അംഗൻവാടിയിലെ ടോയ്-ലറ്റ് പ്രവർത്തനക്ഷമമല്ല. |

അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 അഗതിരഹിതകേരളം പദ്ധതി - ഭൂരഹിതർക്ക് ഭൂമി വാങ്ങി നല്കിയതിന് അധികം തുക ചെലവഴിച്ചു.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ **5,00,000 (വികസന ഫണ്ട്)** രൂപ അടങ്കലുള്ള പദ്ധതിയിൽ **(12/21) 3,30,000** രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഒരു ഗുണഭോക്താവായ ശ്രീമതി റംലത്ത്, D/O പാത്തുമോൾ, ഓട്ടുമ്മൽ, പാട്ടുറമ്പത്ത് വീട്, പട്ടരുപറമ്പ്, കെ.പുരം പി.ഒ എന്ന ഗുണഭോക്താവിന് ട്രഷറി ബിൽ നമ്പർ 04/04.11.2020 പ്രകാരം പിൻവലിച്ച് 2,50,000/- രൂപ ടിയാൾക്ക് ഭൂമി നല്കിയ രവികുമാർ എന്നയാളുടെ ബാങ്ക് അക്കൌണ്ടിലേക്ക് (A/C No. 40186101092549/Kerla Gramin Bank, IFSC Code KGB 0040186) നല്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.09.2019 LSGD-DB1/304/2019-LSGD സർക്കുലറിൽ ലൈഫ് മിഷൻ പദ്ധതിയിലും മറ്റെല്ലാ പദ്ധതികൾക്കും വീട് വെക്കുന്നതിനായി ഭൂമി വാങ്ങുന്നതിന് നിരക്ക് നിശ്ചയിച്ച് വ്യക്തത വരുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം മൂന്ന് സെന്റിൽ കുറയാത്ത ഭൂമിക്ക് പരമാവധി തുക ജനറൽ വിഭാഗത്തിന് രണ്ട് ലക്ഷം രൂപയാണ് നല്കേണ്ടത്. കൂടാതെ ടിയാന്റെ പേരിൽ താനൂർ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തുനല്കിയിട്ടുള്ള ആധാരത്തിലും (No. 1783/1/2020) 2,00,000 രൂപ താനാളൂർ ഗ്രാമപഞ്ചായത്ത് ആശ്രയ ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം കിട്ടിയതായി ഭൂമി നല്കിയ വ്യക്തി പേരെഴുതി ഒപ്പുവെച്ചതായും കാണുന്നു.

ആയതിനാൽ 2,50,000/- രൂപ നല്കാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (03/20-21/14.01.22) മറുപടി ലഭിച്ചിട്ടില്ല. അധികം നല്കിയ തുക 50,000/- രൂപ തടസം ചെയ്യുന്നു.

## 1-16 അനർഹർക്ക് കട്ടിൽവിതരണം നടത്തിയത് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നമ്പർ **22/2018**/തസ്വഭവ തിയതി **14.02.2018** ഖണ്ഡിക **7.1.13(2)** പ്രകാരം അറുപത് വയസ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ നല്കാനാണ് അനുമതിയുള്ളത്. അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ നൽകൽ (എസ്.സി) എന്ന പ്രൊജക്ടിൽ 50 കട്ടിലുകൾ 4350/- രൂപ നിരക്കിൽ വാങ്ങി നല്കിയിട്ടുണ്ട്. ഇതിൽ കട്ടിൽ നല്കിയ മൂന്ന് ഗുണഭോക്താക്കൾക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം **60** വയസ് പൂർത്തിയായിട്ടില്ലെന്ന് കാണുന്നു.

പ്രൊജക്ട് **35/21** വയോജനങ്ങൾക്ക് കട്ടിൽ നല്കൽ **(എസ്.സി)**

ചെലവ് വിവരം Bill 09/11.02.2021 : 2,00,000/-(വികസനഫണ്ട്-എസ്.സി.പി)
വൗച്ചർ നം.22000733/01.02.21: 17,500/- (തനത് ഫണ്ട്)

**1.** അമ്മു, തേങ്ങതിരുത്തിയിൽ, താനാളൂർ (ആധാർ നമ്പർ **327498861888,** റേഷൻകാർഡ് നമ്പർ **2054028216,** ജനനവർഷം **1968)**

**2.** അമ്മു പാണ്ടിയാട്, **W/O** അറുമുഖൻ, താനാളൂർ (ആധാർ നമ്പർ **869068560803,** റേഷൻകാർഡ് നമ്പർ **2054025480,** ജനനവർഷം **1963)**

**3.** പുഷ്പലത **W/O** ഭാസ്കരൻ, മണ്ടകപറമ്പിൽ, താനാളൂർ (ആധാർ നമ്പർ **684450378800** റേഷൻകാർഡ് നമ്പർ **2054025000,** ജനനവർഷം **1962)**

മേൽ ഗുണഭോക്താക്കൾക്ക് സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി കട്ടിൽ അനുവദിച്ചതിന് വിശദീകരണം നല്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (01/20-21/14.01.22) മറുപടി ലഭിച്ചില്ല.മൂന്ന് കട്ടിലുകൾക്ക് ചെലവഴിച്ച തുക 13,050/- (4350x3) രൂപ തടസം ചെയ്യുന്നു.

## 1-17 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അനുവദനീയമായതിലും അധിക തുക നല്കിയത്

**2020-21** വർഷത്തിൽ ഹെഡ്മിസ്ട്രസ് നിർവഹണം നടത്തിയ പ്രൊജക്ടിൽ **(176/21)** താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് മാർഗ്ഗരേഖനിർദ്ദശത്തിന് വിരുദ്ധമായി അനുവദനീയമായതിലും അധിക തുക നല്കിയതായി കാണുന്നു. **(Bill No. 05/04.01.2021 : 2,10,000/-)**

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | നല്കിയ തുക | അനുവദനീയമായത് | അധികം നല്കിയത് |
|---|---|---|---|---|---|
| 1 | ശല്പദാസ് കെ.കെ D/O ശിവദാസ്, കൊണ്ടോരംകുളങ്ങര, താനാളൂർ | Bsc Nursing | 25,700 | 20,000 | 5,700 |
| 2 | സുബിന വി, D/O സുബാഷ് പി, വേലർകണ്ടി, 463കെ.പുരം | Bsc Botany | 25,700 | 20,000 | 5,700 |
| 3 | ലിതിയ പി, D/O സുബ്രമണ്യൻ, പുഴക്കൽ, താനാളൂർ | Bsc Zoology | 25,700 | 20,000 | 5,700 |
| 4 | അനഘബാബു പി, D/O ബാബു പി, പന്തക്കൽ വീട്, താനാളൂർ | BA English | 25,700 | 20,000 | 5,700 |
| 5 | അനഘ ഒ.പി, D/O സത്യൻ ഒരിക്കലപറമ്പിൽ വീട്, പകര, താനാളൂർ | B.Com | 25,700 | 20,000 | 5,700 |
| | | | | ആകെ | 28,500 |

മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് അന്വേഷണം (08/20-21/15.01.2022) നൽകിയതിനെ തുടർന്ന് അധികം നല്കിയ തുക ട്രഷറി ചെലാൻ നമ്പർ KL022269054202122M/21.01.2022 പ്രകാരം തിരിച്ചടവാക്കി.

## 1-18 നിലവിലെ CFL മാറ്റി LED ലൈറ്റുകൾ സ്ഥാപിക്കൽ - നിർവഹണത്തിലെ അപാകതകൾ

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | ചെലവഴിച്ച തുക | ഫണ്ടിനം | എണ്ണം | വൗച്ചർനമ്പർ, തിയതി |
|---|---|---|---|---|---|
| 1 | 227/21 നിലവിലെ CFL മാറ്റി LED ലൈറ്റുകൾ സ്ഥാപിക്കൽ | 9,97,561 | തനത് ഫണ്ട് | 360 | 2800760/ 12.01.2021 |

04.09.20 ലെ ഭരണസമിതിയുടെ 1(2) തീരുമാനപ്രകാരം KREWS മുഖേന പ്രവൃത്തി ചെയ്യുന്നതിന് തീരുമാനിച്ചു. തുടർന്ന് 09.09.2020 ന് സ്ഥാപനവുമായി ഉടമ്പടി വെക്കുകയും സെക്രട്ടറിയുടെ A3-8081/19 തിയതി 17.10.2020 പ്രകാരം പ്രവൃത്തി അനുമതി നല്കുകയുംചെയ്തു. തുടർന്ന് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ തുകകൾ കൈമാറുകയുമാണ് ചെയ്തിട്ടുള്ളത്. ഫയൽ പരിശോധനയിൽ നിർവഹണത്തിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1. 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് പ്രവർത്തികൾ നടത്തിയിട്ടുള്ളത്.പദ്ധതി ആസൂത്രണത്തിന് മുൻപ് നിലവിൽ പ്രവർത്തിക്കാത്തതും പ്രവർത്തിക്കുന്നതുമായ തെരുവ് വിളക്കുകളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല.

2. കരാർ നിബന്ധന (2) പ്രകാരം അറ്റകുറ്റപ്പണി നടത്തുന്നതിനു മുൻപ് കെ.എസ്.ഇ.ബി യിൽനിന്നും അനുവാദം വാങ്ങേണ്ടതാണെന്ന് വ്യവസ്ഥചെയ്യുന്നുണ്ട്. എന്നാൽ അനുമതി ലഭിച്ചതായി കാണുന്നില്ല.

3. കരാർ നിബന്ധന (9) പ്രകാരം വാറന്റി കാലാവധി വിതരണം ചെയ്ത തിയതി മുതൽ 24 മാസമാണെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ 30.06.2021 തിയതിയിൽ A3-567/21 നമ്പർ KREWS ജനറൽ മാനേജർക്ക് അയച്ച കത്തിൽ സ്ഥാപിച്ച ലൈറ്റുകൾ തകരാർ വന്നതായി സൂചിപ്പിച്ചിട്ടുണ്ട്. തകരാർ പരിഹരിച്ചതായി രേഖയില്ല.

3. തെരുവ് വിളക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

4. മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല.

5. പഴയ കേടുവന്ന ലൈറ്റുകൾ മാറ്റി സ്ഥാപിച്ചപ്പോൾ ഏതെല്ലാം സ്പെയർപാർട്ടുകളാണ് മാറ്റിയതെന്നോ മാറ്റിയവയുടെ രജിസ്റ്ററോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിലെ പരാമർശ പ്രകാരം കേടായ സാധനങ്ങൾ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ അങ്ങനെയൊരു രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. അഴിച്ചുമാറ്റപ്പെട്ട കേടായ തെരുവ് വിളക്കുകൾ എന്തുചെയ്തുവെന്ന് വ്യക്തമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 20/20-21/24.01.2022)

## 1-19 ന്യൂട്രിമിക്സിനു നൽകിയ ജിഎസ് ടി -TDSഈടാക്കിയില്ല.

ഗുഡ്സ് സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51,21-7-18 ലെ 28th ജി എസ് ടി കൗൺസിൽ എന്നിവ പ്രകാരം 1-10-2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ ജി എസ് ടിയിൻമേൽ 2% TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം ന്യൂട്രിമിക്സ് വാങ്ങുന്നതിന് 2020-201വർഷത്തിൽ ചെലവഴിച്ച തുകയിൽ TDS ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജെക്ട് | ന്യൂട്രിമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുക | സപ്ലൈ ചെയ്ത സ്ഥാപനം | ഇൻവോയ്സ് നം/ തീയതി തുക |
|---|---|---|---|---|
| 2 | 192 അംഗൻവാടി പോഷകാഹാര പദ്ധതി | 1724886 | ശ്രേയസ് ന്യൂട്രിമിക്സ് എരമംഗലം | 20/19-10-20=167508<br>21/- =171315<br>34/5-12-20 =200220<br>35/08-1-21 =203463<br>49/15-7-20 =163030<br>50/- |

| | | | | |
|---|---|---|---|---|
| | | | | =163030<br>5/- =166320<br>47/-<br>=164430<br>45/-<br>=161540<br>46/- =163030<br>ആകെ =1724886 |

ഇതു സംബന്ധിച്ച് 5/14-1-22 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ TDS ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-20 തെറ്റായ നിരക്ക് നൽകിയത് വഴി അധിക ചെലവുണ്ടായി -നഷ്ടം 16,162 രൂപ

**നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ**

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ ജനവാതിലിന് കമ്പി വച്ചതിന് തെറ്റായ നിരക്ക് അനുവദിച്ചത് വഴി പ്രവൃത്തികളിൽ അധിക ചെലവുണ്ടായി. 21.1.22 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തികൾ നേരിൽ സന്ദർശിച്ചപ്പോൾ പ്രവൃത്തികളിൽ സ്ഥാപിച്ച ജനവാതിലുകളിൽ 12 Mm Ms Rod തിരശ്ചീനമായി (Horizontal) വെൽഡിംഗ് ഇല്ലാതെ മരത്തിന്റെ ഫ്രെയിമിൽ വെക്കുക മാത്രമാണ് ചെയ്തത് എന്ന് ബോധ്യപ്പെട്ടു. പ്രവൃത്തികളിൽ ഉണ്ടായ അധിക ചെലവിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

### 1-20-1 ബഡ്സ് സ്കൂൾ (രണ്ടാം ഘട്ടം)

പ്രോജക്റ്റ് നമ്പർ - SO318/21

ഫണ്ട് - Plan (G) & Own Fund

സാങ്കേതികാനുമതി തുക - 1000000

കരാറുകാരൻ - അഭിമന്യു

അളവ് പുസ്തകം - 289/19-20

കരാർ - 96/AE/TNR/19-20 തി. 29.2.20 (Estimate Rate)

മൂല്യനിർണ്ണയം - 760713

ബിൽ നമ്പർ - 69/20.2.21-590591

വൗച്ചർ - 21901780/15.2.21- 170122

COI – 31.06%

Esti. No- 2019/124780

TS No- 112083/19-20

മേൽ പ്രവൃത്തിയുടെ ഇനം 20 പ്രകാരം മരത്തിന്റെ ജനവാതിലിന് കമ്പി (12mm Ms Rod), Sitout Grill എന്നിവ വച്ചതിന് (212.16 Kg) DAR 9.48.1 പ്രകാരമുള്ള നിരക്ക് വച്ച് താഴെ പറയും പ്രകാരം 29097.77 രൂപ നൽകി. ഇതിൽ 73.61 Kg മരത്തിന്റെ ജനവാതിലിന് കമ്പിക്ക് (12mm Ms Rod) വേണ്ടിയാണ് ഉപയോഗിച്ചിട്ടുള്ളത്.

212.16 Kg X 137.15/Kg = 29097.77

DAR 9.48.1 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതായതിനാൽ മരത്തിന്റെ ഫ്രെയിമിൽ ജനൽ കമ്പികൾ വെക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് DAR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത്. തെറ്റായ നിരക്ക് അനുവദിച്ചത് വഴി പ്രവൃത്തിയിൽ അധിക ചെലവുണ്ടായി.

ജനവാതിലിന് ഉപയോഗിച്ച കമ്പിയുടെ അളവ് - 73.61 Kg

കരാറുകാരന് അനുവദിക്കാവുന്ന തുക

73.61 Kg X 81/Kg = 5962.41

138.55 Kg X 137.15/Kg = 19002.13

ആകെ - 24964.54

അധികം നൽകിയത് - 4629 (4133+12% GST)

**<u>1-20-2 പകൽ വീട് (രണ്ടാം ഘട്ടം)</u>**

പ്രോജക്റ്റ് നമ്പർ - 270/21

ഫണ്ട് - Plan (G) & Own Fund

സാങ്കേതികാനുമതി തുക - 400000

കരാറുകാരൻ - റഷീദ്.T

അളവ് പുസ്തകം - 290/19-20

കരാർ - 87/AE/TNR/19-20 തി. 18.2.20 (Estimate Rate)

മൂല്യനിർണ്ണയം - 399546

ബിൽ നമ്പർ - 115/31.3.21-100000

(299546 രൂപ 29.6.21 ലാണ് നൽകിയത്)

COI – 31.06%

Esti. No- 2019/124783

TS No- 108494/19-20

മേൽ പ്രവൃത്തിയുടെ ഇനം 6 പ്രകാരം മരത്തിന്റെ ജനവാതിലിന് കമ്പി (12mm Ms Rod) വച്ചതിന് DAR 9.48.1 പ്രകാരമുള്ള നിരക്ക് വച്ച് താഴെ പറയും പ്രകാരം 7104.34 രൂപ നൽകി.

51.80 Kg X 137.15/Kg = 7104.34

DAR 9.48.1 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതായതിനാൽ മരത്തിന്റെ ഫ്രയിമിൽ ജനൽ കമ്പികൾ വെക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് DAR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത്. തെറ്റായ നിരക്ക് അനുവദിച്ചത് വഴി പ്രവൃത്തിയിൽ അധിക ചെലവുണ്ടായി.

കരാറുകാരന് അനുവദിക്കാവുന്ന തുക

51.80 Kg X 81/Kg = 4195.80

അധികം നൽകിയത് - 3258 (2909+12% GST)

**<u>1-20-3 വട്ടത്താണി സബ്സെന്റർ കെട്ടിട നിർമ്മാണം</u>**

പ്രോജക്റ്റ് നമ്പർ - (SO307/21)

ഫണ്ട് - CFC (Central Finance Commision) -10,00,000 + Own Fund -10,00,000

ബിൽ നം. 16/19.5.20 – 996400

വൗച്ചർ - 21900901/7.3.20-968951

മൂല്യ നിർണ്ണയം - 19,65,351

അളവ് പുസ്തകം 157/18-19, 146/18-19, 311/19-20,316/19-20

കരാറുകാരൻ - ബൈജു.AV

കരാർ. -AE/LSGD/TNR/68/18-19/10.1.19 (1.102%കുറവ്)

TS No- 102158/18-19

Estimate No.- 2018/65484

Cost Index-37.25

മേൽ പ്രവൃത്തിയുടെ ഇനം 16 പ്രകാരം മരത്തിന്റെ ജനവാതിലിന് കമ്പി (12mm Ms Rod) വച്ചതിന് DAR 9.48.2 പ്രകാരമുള്ള നിരക്ക് വച്ച് താഴെ പറയും പ്രകാരം 16400.86 രൂപ നൽകി.

107.448kg X 152.64/Kg(154.34-1.102% TB) = 16400.86

DAR 9.48.2 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ(Wooden Frames) പ്രവൃത്തിയുമായി ബന്ധപ്പെട്ടതായതിനാൽ മരത്തിന്റെ ഫ്രയിമിൽ ജനൽ കമ്പികൾ വെക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് DAR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത്. തെറ്റായ നിരക്ക് അനുവദിച്ചത് വഴി പ്രവൃത്തിയിൽ അധിക ചെലവുണ്ടായി.

കരാറുകാരന് അനുവദിക്കാവുന്ന തുക

107.448 Kg X 83.88 (84.82/Kg-1.102% TB) = 9012.73

അധികം നൽകിയത് - 8275 (7388+12GST)

പ്രവൃത്തികളിലുണ്ടായ ആകെ നഷ്ടം 16162 (4629+3258+8275) രൂപ.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് AUDIT ENQUIRY No. 17 /21.1.22 (2020-21) (ക്രമ നമ്പർ 1), AUDIT ENQUIRY No. 15 /21.1.22 (2020-21) (ക്രമ നമ്പർ 2), AUDIT ENQUIRY No. 13 /21.1.22 (2020-21) (ക്രമ നമ്പർ 3) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികളിൽ അധികം നൽകിയ 16,162രൂപ പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല - നഷ്ടം 1,92,034 രൂപ

കേരള പൊതുമരാമത്ത് മാനുവൽ 2012 ഖ.2112 പ്രകാരം നിശ്ചിത സമയ പരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കണം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ച കരാറുകളിലെ വ്യവസ്ഥ അനുസരിച്ച്, കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ ആദ്യത്തെ 3 മാസത്തിന് 1% നിരക്കിലും പിന്നീടുള്ള ഓരോ 3 മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണം. എന്നാൽ ഇത്തരത്തിൽ പിഴ ഈടാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരന് പേമെന്റ് അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|---|
| 1 | പകൽവീട് കെട്ടിട നിർമ്മാണം (SO195/21)<br>ഫണ്ട് - Plan (G) -950000 + Own Fund-300000<br>PAC- 1246845.54<br>ബിൽ നം. 14/13.5.20 - 906096 | 13.3.18 | 12.9.18 വരെ<br>(6 മാസം) | 26.2.20 | **133274**<br>13.9.18മുതൽ 12.12.18വരെ 12468.45<br>13.12.18മുതൽ 12.3.19 വരെ 24937<br>13.3.19മുതൽ 12.6.19 വരെ 24937 |

| | | | | | |
|---|---|---|---|---|---|
| | വൗച്ചർ നമ്പർ- 21901102/28.3.20- 300000<br>മൂല്യ നിർണ്ണയം - 1206096<br>അളവ് പുസ്തകം 163/18-19, 318/19-20<br>കരാറുകാരൻ - റഷീദ്. T<br>കരാർ. - AE/LSGD/TNR/82/17-18/13.3.18 | | | | 13.6.19മുതൽ 12.9.19 വരെ 24937<br>13.9.19മുതൽ 12.12.19 വരെ 24937<br>13.12.19മുതൽ 26.2.20വരെ 21058 |
| 2 | നിള പട്ടരുപറമ്പ് കുടിവെള്ള പദ്ധതി (SO200/21)<br>ഫണ്ട് - CFC (Central Finance Commision) -150000<br>PAC- 150000<br>ബിൽ നം. 30/21.7.20 – 109454<br>മൂല്യ നിർണ്ണയം - 109454<br>അളവ് പുസ്തകം 341/19-20<br>കരാറുകാരൻ - മുസ്തഫ.M<br>കരാർ. - AE/LSGD/TNR/47/18-19/3.11.18 | 3.11.18 | 2.5.19 വരെ (6 മാസം) | 19.2.20 | **8067**<br>3.5.19 മുതൽ 2.8.19 വരെ 1500<br>3.8.19 മുതൽ 2.11.19 വരെ 3000<br>3.11.19 മുതൽ 2.2.20 വരെ 3000<br>3.2.20 മുതൽ 19.2.20 വരെ 567 |
| 3 | മൂലക്കൽ ശ്രീകൃഷ്ണക്ഷേത്രം റോഡ് റീടാറിംഗ് (SO234/21)<br>ഫണ്ട് - Maintenance Grant (R) -200000<br>PAC- 200000<br>ബിൽ - 8/13.5.20 – 200000<br>മൂല്യ നിർണ്ണയം - 200000<br>അളവ് പുസ്തകം 331/19-20 | 4.9.18 | 3.3.19 വരെ (6 മാസം) | 29.1.20 | **12533**<br>4.3.19 മുതൽ 3.6.19 വരെ 2000<br>4.6.19 മുതൽ 3.9.19 വരെ 4000<br>4.9.19 മുതൽ 3.12.19 വരെ 4000<br>4.12.19മുതൽ 29.1.20 വരെ 2533 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ - ഷാഹിർ.PV<br>കരാർ. - AE/LSGD/TNR/26/18-19/4.9.18 | | | | |
| 4 | വട്ടത്താണി സബ്സെന്റർ കെട്ടിട നിർമ്മാണം (SO307/21)<br>ഫണ്ട് - CFC (Central Finance Commision) -20,00,000<br>PAC- 1973781.52<br>ബിൽ നം. 16/19.5.20 – 996400<br>വൗച്ചർ - 21900901/7.3.20-968951<br>മൂല്യ നിർണ്ണയം - 19,65,351<br>അളവ് പുസ്തകം 157/18-19, 146/18-19, 311/19-20,316/19-20<br>കരാറുകാരൻ - ബൈജു.AV<br>കരാർ. - AE/LSGD/TNR/68/18-19/10.1.19 | 10.1.19 | 9.7.19 വരെ<br>(6 മാസം) | 20.11.19 | **38160**<br>10.7.19മുതൽ 9.10.19 വരെ 19737.80<br>10.10.19മുതൽ 20.11.19 വരെ 18421.90 |
| | | | | | **1,92,034** |

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( **AUDIT ENQUIRY No. 16 /21.1.22** ) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തിയിൽ അധികം നൽകിയ **1,92,034**രൂപ പ്രവൃത്തികളുടെ പേമെന്റ് അനുവദിച്ച അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-22 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല.

**നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ**

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കി വരുന്നുണ്ട്. തൻവർഷത്തിൽ 3,43,914 രൂപ കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടച്ചിട്ടുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 19 /21.1.22) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന് ലഭിക്കാൻ അർഹതയുള്ള കളക്ഷൻ ചാർജ്ജ് തുടർ വർഷങ്ങളിൽ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ വരവ് വന്നിട്ടില്ല

**നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ**

2020-21 വർഷത്തിൽ പഞ്ചായത്തിൽ ഏതാനം പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത കരാറുകാരെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക പഞ്ചായത്ത് ഫണ്ടിൽ അടവ് വന്നതായി കാണുന്നില്ല.. GO(MS)3186/2017/LSGD തി. 2.10.17 ഉത്തരവ് പ്രകാരം E-Tender ആവശ്യത്തിനായി SBI യിൽ അക്കൗണ്ട് തുടങ്ങാൻ നിർദേശിച്ചിട്ടുണ്ട്. മേൽ നിർദേശം പാലിക്കുകയും ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച വിവരം കണക്കാക്കി അത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( **AUDIT ENQUIRY No. 17 / 21.1.22 (2019-20))** മറുപടി ലഭ്യമാക്കിയില്ല. ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള ടെണ്ടർ ഫീ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തി - പൊതു അപാകതകൾ

മരാമത്ത് പ്രവൃത്തി - പൊതു അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

**I) പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല.**

2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 304 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 255 പ്രൊജക്ടുകളിലായി ആകെ 3,43,91,414 രൂപയാണ് ചെലവഴിച്ചത്. സ്പിൽ ഓവർ പ്രോജക്ടുകൾ 85 എണ്ണം ഉള്ളതിൽ 8 എണ്ണം തൻവർഷവും നടപ്പാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രോജക്ടുകൾ അതാത് വർഷങ്ങളിൽ തന്നെ പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

| | | | |
|---|---|---|---|
| ആകെ പദ്ധതി | 304 | ആകെ അടങ്കൽ | 5,97,72,809 |
| നടപ്പിലാക്കിയത് | 255 | ചെലവ് | 3,43,91,414 |
| ശതമാനം | 83.88 | ചെലവ് ശതമാനം | 57.53 |

**II-റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.**

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

**III-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.**

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെനിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല .

**IV)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.**

2019-20 വർഷത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. റോഡ് പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പ്രവൃത്തിയുടെ ചെയ്നേജ് രേഖപ്പെടുത്തേണ്ടതാണ്.

**V) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെറ്റായ നിരക്ക് നൽകിയത് വഴി അധിക ചെലവുണ്ടായി -നഷ്ടം 16,162 രൂപ

**നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ**

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ ജനവാതിലിന് കമ്പി വച്ചതിന് തെറ്റായ നിരക്ക് അനുവദിച്ചത് വഴി പ്രവൃത്തികളിൽ അധിക ചെലവുണ്ടായി. 21.1.22 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തികൾ നേരിൽ സന്ദർശിച്ചപ്പോൾ പ്രവൃത്തികളിൽ സ്ഥാപിച്ച ജനവാതിലുകളിൽ 12 Mm Ms Rod തിരശ്ചീനമായി (Horizontal) വെൽഡിംഗ് ഇല്ലാതെ മരത്തിന്റെ ഫ്രയിമിൽ വെക്കുക മാത്രമാണ് ചെയ്തത് എന്ന് ബോധ്യപ്പെട്ടു. പ്രവൃത്തികളിൽ ഉണ്ടായ അധിക ചെലവിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

**1. ബഡ്സ് സ്കൂൾ (രണ്ടാം ഘട്ടം)**

പ്രോജക്റ്റ് നമ്പർ - SO318/21

ഫണ്ട് - Plan (G) & Own Fund

സാങ്കേതികാനുമതി തുക - 1000000

കരാറുകാരൻ - അഭിമന്യു

അളവ് പുസ്തകം - 289/19-20

കരാർ - 96/AE/TNR/19-20 തി. 29.2.20 (Estimate Rate)

മൂല്യനിർണ്ണയം - 760713

ബിൽ നമ്പർ - 69/20.2.21-590591

വൗച്ചർ - 780/15.2.21- 170122

COI – 31.06%

Esti. No- 2019/124780

TS No- 112083/19-20

മേൽ പ്രവൃത്തിയുടെ ഇനം 20 പ്രകാരം മരത്തിന്റെ ജനവാതിലിന് കമ്പി (12mm Ms Rod), Sitout Grill എന്നിവ വച്ചതിന് (212.16 Kg) DAR 9.48.1 പ്രകാരമുള്ള നിരക്ക് വച്ച് താഴെ പറയും പ്രകാരം 29097.77 രൂപ നൽകി. ഇതിൽ 73.61 Kg മരത്തിന്റെ ജനവാതിലിന് കമ്പിക്ക് (12mm Ms Rod) വേണ്ടിയാണ് ഉപയോഗിച്ചിട്ടുള്ളത്.

212.16 Kg X 137.15/Kg = 29097.77

DAR 9.48.1 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതായതിനാൽ മരത്തിന്റെ ഫ്രയിമിൽ ജനൽ കമ്പികൾ വെക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് DAR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത്. തെറ്റായ നിരക്ക് അനുവദിച്ചത് വഴി പ്രവൃത്തിയിൽ അധിക ചെലവുണ്ടായി.

ജനവാതിലിന് ഉപയോഗിച്ച കമ്പിയുടെ അളവ് - 73.61 Kg

കരാറുകാരന് അനുവദിക്കാവുന്ന തുക

73.61 Kg X 81/Kg = 5962.41

138.55 Kg X 137.15/Kg = 19002.13

ആകെ - 24964.54

അധികം നൽകിയത് - 4629 (4133+12% GST)

2. **പകൽ വീട് (രണ്ടാം ഘട്ടം)**

പ്രോജക്റ്റ് നമ്പർ - 270/21

ഫണ്ട് - Plan (G) & Own Fund

സാങ്കേതികാനുമതി തുക - 400000

കരാറുകാരൻ - റഷീദ്.T

അളവ് പുസ്തകം - 290/19-20

കരാർ - 87/AE/TNR/19-20 തി. 18.2.20 (Estimate Rate)

മൂല്യനിർണ്ണയം - 399546

ബിൽ നമ്പർ - 115/31.3.21-100000

(299546 രൂപ 29.6.21 ലാണ് നൽകിയത് )

COI – 31.06%

Esti. No- 2019/124783

TS No- 108494/19-20

മേൽ പ്രവൃത്തിയുടെ ഇനം 6 പ്രകാരം മരത്തിന്റെ ജനവാതിലിന് കമ്പി (12mm Ms Rod) വച്ചതിന് DAR 9.48.1 പ്രകാരമുള്ള നിരക്ക് വച്ച് താഴെ പറയും പ്രകാരം 7104.34 രൂപ നൽകി.

51.80 Kg X 137.15/Kg = 7104.34

DAR 9.48.1 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതായതിനാൽ മരത്തിന്റെ ഫ്രയിമിൽ ജനൽ കമ്പികൾ വെക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് DAR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത്. തെറ്റായ നിരക്ക് അനുവദിച്ചത് വഴി പ്രവൃത്തിയിൽ അധിക ചെലവുണ്ടായി.

കരാറുകാരന് അനുവദിക്കാവുന്ന തുക

51.80 Kg X 81/Kg = 4195.80

അധികം നൽകിയത് - 3258 (2909+12% GST)

**3. വട്ടത്താണി സബ്സെന്റർ കെട്ടിട നിർമ്മാണം**

പ്രോജക്റ്റ് നമ്പർ - (SO307/21)

ഫണ്ട് - CFC (Central Finance Commision) -10,00,000 + Own Fund -10,00,000

ബിൽ നം. 16/19.5.20 – 996400

വൗച്ചർ - 21900901/7.3.20-968951

മൂല്യ നിർണ്ണയം - 19,65,351

അളവ് പുസ്തകം 157/18-19, 146/18-19, 311/19-20,316/19-20

കരാറുകാരൻ - ബൈജു.AV

കരാർ. -AE/LSGD/TNR/68/18-19/10.1.19

TS No- 102158/18-19

Estimate No.- 2018/65484

Cost Index-37.25

മേൽ പ്രവൃത്തിയുടെ ഇനം 16 പ്രകാരം മരത്തിന്റെ ജനവാതിലിന് കമ്പി (12mm Ms Rod) വച്ചതിന് DAR 9.48.2 പ്രകാരമുള്ള നിരക്ക് വച്ച് താഴെ പറയും പ്രകാരം 16400.86 രൂപ നൽകി.

107.448kg X 152.64/Kg(154.34-1.102% TB) = 16400.86

DAR 9.48.2 പ്രകാരമുള്ള നിരക്ക് വെൽഡിങ്ങ് ആവശ്യമുള്ള ജനൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടതായതിനാൽ മരത്തിന്റെ ഫ്രയിമിൽ ജനൽ കമ്പികൾ വെക്കുന്ന ഇത്തരം പ്രവൃത്തികൾക്ക് DAR 14.29 പ്രകാരമുള്ള നിരക്കാണ് അനുവദിക്കാവുന്നത്. തെറ്റായ നിരക്ക് അനുവദിച്ചത് വഴി പ്രവൃത്തിയിൽ അധിക ചെലവുണ്ടായി.

കരാറുകാരന് അനുവദിക്കാവുന്ന തുക

107.448 Kg X 83.88 (84.82/Kg-1.102% TB) = 9012.73

അധികം നൽകിയത് - 8275 (7388+12GST)

പ്രവൃത്തികളിലുണ്ടായ ആകെ നഷ്ടം 16162 (4629+3258+8275) രൂപ.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് AUDIT ENQUIRY No. 17 /21.1.22 (2020-21) (ക്രമ നമ്പർ 1), AUDIT ENQUIRY No. 15 /21.1.22 (2020-21) (ക്രമ നമ്പർ 2), AUDIT ENQUIRY No. 13 /21.1.22 (2020-21) (ക്രമ നമ്പർ 3) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികളിൽ അധികം നൽകിയ 16,162രൂപ പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 20-01-2022,21-01-2022 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | നെൽകൃഷി വികസനം (8/21) | 100000 | 0 |
| | 182015 | പരിരക്ഷ (31/21) | 182015 | 0 |
| | 2080000 | ലൈഫ് മിഷൻ (44/21) | 2080000 | 0 |
| | 276300 | ഭിന്നശേഷി സ്കോളർഷിപ്പ് (18/21) | 276300 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബൈലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനം ജനറൽ | G.O.(MS)No. 68/2018/LSGD തിയതി 18.05.18 | 1540000 | 7135882 | 1127176 | --- | 7548706 |

### 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 70,56,912 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |

| | |
|---|---|
| തൻവർഷം പലിശ | 277500 |
| ആകെ | 7334412 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7334412 |

2020-21 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| **നിക്ഷപത്തിന്റെ വിവരം** | **തുക** | രശീതിനമ്പർ |
|---|---|---|
| സർവീസ് സഹകരണ ബാങ്ക്, ഒഴൂർ | 17,78,456 | 5530/02.04.2016 |
| -ടി- | 17,78,456 | 5531/02.04.2016 |
| -ടി- | 27,00,000 | 20140008636/25.07.2018 |
| സർവീസ് സഹകരണ ബാങ്ക്, താനാളൂർ | 10,00,000 | 1001013146/04.09.2018 |
| ആകെ | 72,56,912 | |

ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപ ഇനത്തിലുള്ള തുക 7334412രൂപയാണ്. എന്നാൽ സ്ഥിര നിക്ഷേപ രശീതി പരിശോധിച്ചതിൽ 7256912രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 36 | 2003-04 | പൊതുപരാമർശങ്ങൾ | പൂർത്തീകരിക്കാത്ത പ്രവർത്തികൾ (75000/-) | നടപടി തുടരുന്നു |
| 1998-99 | 32 | 2003-04 | “ | റീ ടെണ്ടർ നഷ്ടം (24459) | നടപടി തുടരുന്നു |
| 2000-01 | 37 | 2003-04 | “ | വീട് മേൽക്കൂര നിർമാമാണം (61200) | നടപടി തുടരുന്നു |
| 2008-09 | - | 2011-12 | “ | കൃഷി അവലോകനം | നടപടി തുടരുന്നു |
| 2014-15 | 2(2) | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി | “ |
| 2015-16 | 2(5) | 2016-17 | “ | “ | “ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2009-10, | 10-11 | ഗോവിന്ദൻസി.പി, വി.ഇ.ഒ | LF12216/Spl.Cell/Sc/D1/12 08.12.15 | 1,41,010 | -- | 07.12.15ന് ട്രഷറിയിൽ ഒടുക്കി |
| 2 | -Do- | 3-10 | മിനിമോൾ കൃഷി ഓഫീസർ | -Do- | 35,000 | 35,000 | ലഭ്യമല്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 175063190 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 127639580 |
| വരവിനങ്ങളിലെ നഷ്ടം | -- |
| ചെലവിനങ്ങളിലെ നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16162 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 1060611 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1(1) | | 4629 | ശ്രീ. മഹേഷ് ഒ,<br>അസിസ്റ്റന്റ് എഞ്ചിനീയർ (2314.5) |
| | | | ശ്രീ. സി.ബി.മനോജ് കുമാർ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (2314.5) |
| 3-1(2) | | 3258 | ശ്രീ. മഹേഷ് ഒ,<br>അസിസ്റ്റന്റ് എഞ്ചിനീയർ (1629) |
| | | | ശ്രീ. സി.ബി.മനോജ് കുമാർ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (1629) |
| 3-1(3) | | 8275 | ശ്രീ മഹേഷ് ഒ ,അസി. എഞ്ചിനീയർ-4138 രൂപ<br>ശ്രീ ചന്ദ്രൻ സി, എക്സിക്യൂട്ടീവ് എഞ്ചിനീയർ-4137 രൂപ |

| | | | |
|---|---|---|---|
| ആകെ | | 16162 | |

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 50000 | ശ്രീമതി സീമ റോസ് ,അസിസ്റ്റന്റ് സെക്രട്ടറി താനാളൂർ ഗ്രാമ പഞ്ചായത്ത് |
| 1-16 | 13050 | |
| 1-18 | 9,97,561 | ശ്രീ.രാംജിലാൽ.പി ,സെക്രട്ടറി താനാളൂർ ഗ്രാമ പഞ്ചായത്ത് |
| ആകെ | 10,60,611 | |

ഡി) കേന്ദ്ര സംസ്ഥാ സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യാഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|
| ശ്രീ. മഹേഷ് ഒ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ താനാളൂർ ഗ്രാമപഞ്ചായത്ത് | ഊട്ടിൽ ഹൗസ്, തൃക്കണ്ടിയൂർ(പി.ഒ), തിരൂർ-676104 |
| ശ്രീ. സി.ബി.മനോജ് കുമാർ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പാലക്കാട് ജില്ലാ പഞ്ചായത്ത് | അങ്ങാടി പോത്തുകെട്ടിക്കപ്പാറ കൊല്ലങ്കോട്, പാലക്കാട്-678608 |
| ശ്രീ. ചന്ദ്രൻ സി എക്സിക്യൂട്ടീവ് എഞ്ചിനീയർ | റിട്ടയേർഡ് | ഭരതം വീട്,പന്യാനിങ്ങൽ മേരിക്കുന്ന്,കോഴിക്കോട് – 673012 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്.എ.എം.പി.എം 22/1701/2019 തി: 19-10-2019 | 3 |
| 1996-97 | കെ.എസ്.എ.എം.പി.എം 22/1701/2019 തി: 19-10-2019 | 4 |
| 1997-98 | എൽ. എഫ്. എം.15/1300/01 തിയ്യതി 07-10-2010 | 4 |
| 1998-99 | എൽ. എഫ്. എം.15/227/02 തിയ്യതി 07-10-2010 | 20 |
| 1999-00 | എൽ. എഫ്. എം.15/617/02 തിയ്യതി 07-10-2010 | 11 |
| 2000-01 | എൽ. എഫ്. എം.11/967/10 തിയ്യതി 07-10-2010 | 6 |
| 2001-02 | എൽ. എഫ്. എം.11/247/06 തിയ്യതി 07-10-2010 | 12 |
| 2002-03 | എൽ. എഫ്. എം.11/2189/09 തിയ്യതി 07-10-2010 | 2 |
| 2004-05 | എൽ. എഫ്. എം.11/2191/06 തിയ്യതി 07-10- | 6 |

| | | |
|---|---|---|
| | 2010 | |
| 2005-06 | എൽ. എഫ്. എം.15/2089/11 തിയ്യതി 22-03-2012 | 9 |
| 2006-07 | എൽ. എഫ്. എം.15/2090/11 തിയ്യതി 19-03-2012 | 6 |
| 2007-08 | എൽ. എഫ്. എം.15/646/12 തിയ്യതി 21-05-2012 | 12 |
| 2008-09 | എൽ. എഫ്. എം.15/647/12 തിയ്യതി 25-04-2012 | 22 |
| 2009-10<br>2010-11 | എൽ. എഫ്. എം.15/2374/13 തിയ്യതി 12-12-2013 | 20 |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം 15/22/42/16 തി: 22-03-2018 | 7 |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം 15/2064/16 തി: 06-04-2017 | 10 |
| 2015-16 | കെ.എസ്.എ.എം.പി.എം 22/277/2020 തി: 12-02-2021 | 10 |
| 2016-17 | കെ.എസ്.എ.എം.പി.എം 22/2017/17 തി: 20-09-2017 | 26 |
| 2017-18 | കെ.എസ്.എ.എം.പി.എം 22/772/19 തി: 03-05-2019 | 9 |
| 2018-19 | കെ.എസ്.എ.എം.പി.എം 22/1733/21 തി: 06-11-2021 | 13 |
| 2019-20 | കെ.എസ്.എ.എം.പി.എം 22/288/2022 തി: 13-04-2022 | 41 |

എം.എ.4/2022

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്